# INDIAN SCHOOL SOHAR
## PRE-BOARD EXAM (2018-19)
## MALAYALAM

**CLASS:X** **MAX. MARKS: 80**
**DATE:10/02/2019** **DURATION: 3 HRS.**

General instructions

_ Please check that this question paper contains 4 printed pages.
_ Please check that this question paper contains 4 sections
_ Please write down the Serial Number of the question before attempting it.
_ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 16 marks |
| Section C: Grammar | 17 marks |
| Section D: Literature | 37 marks |

### എ വിഭാഗം

1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന കാര്യത്തിൽ വനങ്ങൾക്ക് സുപ്രധാനമായ പങ്കുവഹിക്കാനുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ മാത്രം 75 ശതമാനം ഉണ്ടായിരുന്ന വനം ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും 50 ശതമാനമായി കുറഞ്ഞു. അതായത് കേരളത്തിന്റെ ആകെ വിസ്തൃതിയിൽ 27.83 ശതമാനം മാത്രമാണ് വനഭൂമി. ജനസംഖ്യാവർദ്ധനവു മൂലം കൃഷിക്കും താമസത്തിനുമായി വളരെയേറെ വനം വെട്ടിത്തെളിച്ചതാണ് വനവിസ്തൃതി ഇത്രയേറെ കുറയാൻ കാരണം. അതുപോലെ ജലവൈദ്യുത പദ്ധതികൾക്കായി ഡാമുകൾ നിർമ്മിക്കപ്പെട്ടപ്പോഴും വനപ്രദേശം നഷ്ടമാവുകയാണുണ്ടായത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ട്. എന്നാൽ ഈ ആധുനികയുഗത്തിൽ പ്രകൃതിസംരക്ഷണത്തിൽ അത്യന്തഭീഷണമായ സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. പ്രകൃതിയുടെ സുരക്ഷയ്ക്കായി കാടു സംരക്ഷിക്കുക, ഭൂമിയിലെ ജീവൻ നിലനിർത്തുക, ഭൂമിയിലെ അനർഘസമ്പത്തായ വനം നിലനിർത്തുക എന്നീ തിരിച്ചറിവിലേക്ക് നാം എത്തേണ്ടിയിരിക്കുന്നു. ഭൂമിക്ക് 500 കോടിയോളം വർഷം പഴക്കമുണ്ട്. പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നതായ ഏക ഗ്രഹവും ഭൂമിയാണ്. അതിനാൽ ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ജൈവമണ്ഡലത്തേയും ഭൂവിഭാഗത്തേയും സംരക്ഷിക്കാൻ മനുഷ്യൻ തയ്യാറാവണം. ശുദ്ധവായു, ശുദ്ധജലം, ഫലഭൂയിഷ്ഠിയുള്ള മണ്ണ് എന്നിവ ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ സംരക്ഷിച്ചു നിർത്തുകയാണ് കാടുകൾ ചെയ്യുന്ന സേവനം. മലിനീകരണം കുറച്ച് ആരോഗ്യകരമായ പ്രകൃതിയെ നിലനിർത്തുന്നതും ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതും മണ്ണ് സംരക്ഷിക്കുന്നതും മഴവെള്ളത്തെ ഉറവവെള്ളമാക്കി മാറ്റുന്നതും വനങ്ങൾ തന്നെയാണ്. വൃക്ഷങ്ങൾ മണ്ണിനെ ഉറപ്പിച്ച് മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്നു. സസ്യങ്ങളും വൃക്ഷങ്ങളും ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകുമ്പോൾ മണ്ണൊലിപ്പുണ്ടാകുന്നു. അതോടെ മേൽമണ്ണ് കുത്തിയൊലിച്ച് പോകുകയും ചെയ്യുന്നു. അതിനാൽ വൃക്ഷങ്ങൾ നഷ്ടപ്പെട്ടഭാഗത്ത് കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്.

ചോദ്യങ്ങൾ

a) കേരളത്തിൽ വനങ്ങൾ കുറയാൻ കാരണമെന്ത്?
b) എന്തു തിരിച്ചറിവാണ് നമുക്ക് വേണ്ടത്?
c) കാടുകൾ ചെയ്യുന്ന സേവനമെന്ത്?
d) വൃക്ഷങ്ങൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്നു പറയുന്നതെന്തുകൊണ്ട്?
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

### ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (8)

a) സ്ത്രീസമത്വം
b) യുദ്ധം... മാനവരാശി നേരിടുന്ന മഹാവിപത്ത്
c) ജൈവകൃഷിയുടെ അനിവാര്യത

3.നിങ്ങളുടെ പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും അധികാരികളുടെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. (8)

## സി വിഭാഗം

4.പ്രയോഗം മാറ്റുക. (2)

a) ഈ കുതിര എന്റെ പൂർവികരാൽ അങ്കമാടി വീണ്ടെടുക്കപ്പെട്ടു.
b) ആ ദുഷ്ടൻമാർ കൊടുംക്രൂരതകാട്ടി എന്റെ അച്ഛനെ വധിച്ചു.

5.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (2)

a) ശിബിരത്തിൽനിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ ദ്വാരദേശത്തുവച്ചു കൃപരും കൃതവർമ്മാവും കൊന്നുവീഴ്ത്തി.
b) അയാൾ വീട്ടിലെത്തുന്നതിനു മുൻപു തന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും.

6.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2)

a) വേദങ്ങൾ പ്രമാണമാണെങ്കിൽ ഞാൻ നാശമില്ലാത്ത അക്ഷയലോകങ്ങൾ നേടിയിരിക്കുന്നു.
b) മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി ഉറപ്പിച്ചു നിജം വരുത്തി.

7.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. (2)

a) ദിഗ്വിജയം
b) സുഖോദയം

8.വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക. (2)

a) ഭുവനവിദിതം
b) കുശചീരങ്ങൾ

9.പര്യായപദമെഴുതുക. (2)

a) രക്തം
b) പുല്ല്

10.നാനാർത്ഥം എഴുതുക. (2)

a) സ്നേഹം
b) യതി

11.വിപരീതം എഴുതുക. (1)

a) ഉത്തമൻ (അധമൻ , നീരസ്ഥൻ, നിരർത്ഥൻ, അത്യുത്തമൻ)
b) സുകൃതം(അനകൃതം, ദുഷ്കൃതം, ദുകൃതം, അനാഘ്രാതം)

12.അർത്ഥവ്യത്യാസമെഴുതുക. (1)

a) ഭേകം, ഭോഗം (ബുദ്ധി, തവള, സുഖം, യാഗം)
b) ഓരം, ഹാരം (വശം, ധനം, വായ്പ, മാല)

13.എതിർലിംഗം എഴുതുക. (1)

a) കൊതിയൻ (കൊതിച്ചി, കൊതിയ, അകൊതിയ, കൊതിത്തി)
b) കവി (കവിയിത്രി, കവിത്രി, കവയിത്രി, കവിയിത്രി)

## ഡി വിഭാഗം

**14.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** (5)

a).നളിനി എന്ന കവിത എഴുതിയതാര്?
(വള്ളത്തോൾ, ഉള്ളൂർ, വയലാർ രാമവർമ്മ, കുമാരനാശാൻ)

b).സംസാരകാരിണി എന്ത്?
(വിദ്യ, അവിദ്യ, ഭക്തി, ക്രോധം)

c).മുത്തശ്ശിമാർ പാടിപ്പഠിച്ച പാട്ടേത്?
(കാട്ടുചോലകൾ പാടിയ പാട്ട്, കാറ്റ് പാടിയ പാട്ട്, കിളികൾ പാടിയ പാട്ട്, ദേവതമാർ പാടിയ പാട്ട്)

d).അമ്മയുടെ എഴുത്തുകൾക്ക് എന്ത് ചന്തമുണ്ടെന്നാണ് കവി അവകാശപ്പെടുന്നത്?
(താളം, മൊഴി, മിഥ്യ, തേൻ)

e).ആരാണ് ആകാശഗോപുരങ്ങൾക്ക് താഴെ നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നത്?
(തെരുവീഥികൾ, അമ്മ, ആശുപത്രി, രാക്കട)

f).മാങ്ങ പൊഴിയുന്നതിനായി കുട്ടികൾ നടത്തിയിരുന്ന മഹായജ്ഞം എന്തായിരുന്നു?
(കൊതിയസമാജം, ഊഞ്ഞാലാട്ടം, അണ്ണാൻപിറന്നാൾ, തുമ്പിതുള്ളൽ)

g).മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണകാരൻ?
(വയലാർ രാമവർമ്മ, കുമാരനാശാൻ, വി.മധുസൂദനൻ നായർ, എസ്.കെ.പൊറ്റെക്കാട്ട്)

h).ശരൺ കുമാർ ലിംബാളെയുടെ ആത്മകഥോപാഖ്യാനം ഏതാണ്?
(ചൂവാചൂത്ത്, ബഹുജൻ, അക്കർമാശി, ഹിന്ദു)

i). "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്". ഇങ്ങനെ പറഞ്ഞതാര്?
(എസ്.കെ.പൊറ്റെക്കാട്ട്, വെള്ളായിയപ്പൻ, പാറാവുകാരൻ, കുട്ട്യസ്സൻ മാപ്പിള)

j).വ്യാസ ഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി കുട്ടിക്കൃഷ്ണമാരാർ രചിച്ച കൃതി ഏത്?
(രാജാങ്കണം , ഭാരതപര്യടനം, ഋഷിപ്രസാദം, ദന്തഗോപുരം)

**15.ഉത്തരമെഴുതുക.**

a). അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിലൂടെ വ്യാസൻ എന്ത് താക്കീതാണ് ലോകത്തിന് നൽകുന്നത്? (4)

b) 'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.' ലിംബാളെയുടെ നിലപാടിൽ വെളിപ്പെടുന്ന സന്ദേശമെന്ത്? (4)

c). കടൽത്തീരത്ത് എന്ന ചെറുകഥയിൽ പൊതിച്ചോറിനുള്ള സ്ഥാനം വിശകലനം ചെയ്യുക. (4)

d).മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ വയലാർ പരാമർശിക്കുന്നതെങ്ങനെ? വിവരിക്കുക. (4)

e).അമ്മതന്നെയാണ് മാതൃഭാഷ. ഈ പ്രസ്താവന അമ്മയുടെ എഴുത്തുകൾ എന്ന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെടുന്നു? വിശദമാക്കുക. (4)

f). “ പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു
മെത്രയും ചഞ്ചലമാലയ സംഗമം”….. ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തുക. (4)

16.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (8)

a) വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?.
b) ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും കണ്ടുമുട്ടിയതെങ്ങനെ? അവരുടെ ബന്ധം വളർന്നതെങ്ങനെ?
c) ചട്ടമ്പിസ്വാമികളുടെ ജീവിതസന്ദേശം എന്തായിരുന്നു?

**********************